**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*360**

**12.11.2019 ൽ മറുപടിയ്ക്ക്**

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

**ചോദ്യം**

**ശ്രീ. റ്റി.വി.രാജേഷ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ.കെ.യു.ജനീഷ് കുമാർ**
**ശ്രീ. യു.ആർ.പ്രദീപ്**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; ; | (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തുന്ന കേരളോത്സവത്തിൽ യുവജനങ്ങളുടെയും യൂത്ത് ക്ലബ്ബുകളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന യൂത്ത് ക്ലബ്ബുകൾക്ക് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല-സംസ്ഥാനതലങ്ങളിൽ അവാർഡ് നൽകുന്നുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ,പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേന ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. വൺനെസ് ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, യൂത്ത് കേരള എക്സ്പ്രസ്സ് എന്നിവയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികൾ. |
| (ബി) | പ്രകൃതി ദുരന്തങ്ങൾ പോലുള്ള അടിയന്തര സാഹചര്യങ്ങളെ | (ബി) | ഉണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധ |

| | | | |
|---|---|---|---|
| | നേരിടാൻ യുവജനക്ഷേമ ബോർഡ് യുവാക്കളെ ഉൾപ്പെടുത്തി കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | സേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യവും മുന്നിൽ കണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലം അടിയന്തര സാഹചര്യം സംജാതമാകുന്ന പക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിയർ യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവത്ക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. |
| (സി) | സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെ മേഖലകൾക്ക് മുൻതൂക്കം നൽകി ബോർഡ് രൂപീകരിച്ച യുവാ ക്ലബ്ബുകളുടെ പ്രവർത്തനം എന്തെല്ലാമാണ്; | (സി) | സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവരുടെ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച യുവാക്ലബ്ബുകളുടെ നേതൃത്വത്തിൽ, അതതു പ്രദേശങ്ങളിലെ യുവജനങ്ങൾക്കായി കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ, ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ മുതലായവ നടത്തി വരുന്നു. ടി യുവാ ക്ലബ്ബുകൾക്ക് പ്രാദേശികതലത്തിൽ വിവിധ തരത്തിലുള്ള യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തിക സഹായവും യുവജനക്ഷേമ ബോർഡ് നൽകി വരുന്നു. |
| (ഡി) | മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി എന്തെല്ലാം പരിശീലനങ്ങളാണ് ബോർഡ് സംഘടിപ്പിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പി.എസ്.സി പോലുള്ള മത്സരപരീക്ഷകളിൽ വിജയം കരസ്ഥമാക്കുന്നതിലേ-ക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. 14 ജില്ലകളിലെയും തെരഞ്ഞെടുത്ത യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം നൽകി യൂത്ത് |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകളുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചുവരുന്നത്. പരിശീലന പരിപാടിക്കായി 2018-19 സാമ്പത്തിക വർഷം ആകെ 19,30,000/-രൂപ (പത്തൊൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**